**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4600** **19-03-2025 - ൽ മറുപടിയ്ക്ക്**

**ലയൺ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ഉത്തരവിനെ തുടർന്ന് അടച്ചു പൂട്ടിയ പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവിസങ്കേതത്തിലെ ലയൺ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് കേന്ദ്രമൃഗശാല അതോറിറ്റിയുടെ 21/11/1996 ലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നെയ്യാർലയൺ സഫാരി പാർക്ക് പ്രവർത്തിച്ചിരുന്നത് 4 ഹെക്ടർ മാത്രമുള്ള സ്ഥലത്തായതിനാൽ ടി പാർക്കിന്റെ അംഗീകാരം അന്തിമമായി കേന്ദ്രമൃഗശാല അതോറിറ്റി 22/06/2022-ന് റദ്ദ് ചെയ്തിട്ടുള്ളതാണ്.<br><br>23/11/2024 ന് ബഹു. പാറശ്ശാല എം.എൽ.എ. ബഹു. കേന്ദ്ര വനം മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രമൃഗശാല അതോറിറ്റിയുടെ 2009 ലെ Recognition of Zoo Rules ലെ വ്യവസ്ഥകൾ പ്രകാരം ഡി. പി.ആർ. ഉം അപേക്ഷയും പുതുതായി സമർപ്പിക്കാൻ കേന്ദ്രമൃഗശാല അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി സ്ഥല പരിശോധനയും, ഉദ്യോഗസ്ഥതല ചർച്ചയും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ലയൺ സഫാരി പാർക്ക് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 10.01.2025 ലെ 11-1/2024-cza-part 16 ഫയൽ നമ്പർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ കത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രമൃഗശാല അതോറിറ്റിയുടെ 10/01/2025 ലെ 11--1 /2024-cza part-16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 06/02/2025 ന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. |
| (സി) | ഇതിലേയ്ക്കായുള്ള ഡി. പി. ആർ. എന്നത്തേയ്ക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ചും, നിയമവശങ്ങൾ സംബന്ധിച്ചും വിശദമായ പരിശോധന ആവശ്യമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പിനു കീഴിൽ 20 വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവിസങ്കേതത്തിൽ വനം വകുപ്പിനു കീഴിൽ 20 വർഷത്തിലധികമായി 8 പ്രൊട്ടക്ഷൻ വാച്ചർമാർ എൻ.എം. ആർ.വ്യവസ്ഥയിൽ നിലവിൽ താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. |
| (ഇ) | ഇതേ വിഭാഗത്തിൽ ജോലി നോക്കിയിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഇ) | G.O(MS) No. 29/2015/F&WLD dt. 14/05/2015, G.O(MS)no. 31/ 2019/F&WLD dt. 13/ 11/ 2019എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, വനം വകുപ്പിൽ 20വർഷത്തിലധികം തുടർച്ചയായി ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യ ജിവിസങ്കേതത്തിലെ 14 പേരെ സൂപ്പർ ന്യൂമററിയായി വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | വനം വകുപ്പിനു കീഴിൽ ഇരുപത് വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | വനം വകുപ്പിൽ 20 വർഷത്തിൽ കൂടുതലായി ദിവസവേതനത്തിൽ ജോലി ചെയ്തുവന്നവരും, 01.09.2013 - ൽ, 56 വയസ്സ് കഴിയാത്തവരുമായ 135 ജീവനക്കാരെ, 14-05-2015 - ലെ സ.ഉ(കൈ) നം.29/2015/വനം പ്രകാരം വാച്ചർ തസ്തിക സൂപ്പർന്യൂമററി സൃഷ്ടിച്ച് സ്ഥിരപെടുത്തിയിരുന്നു . മേൽ ഉത്തരവിൽ ഉൾപ്പെടാതെ പോയതും, സ്ഥിരപ്പെടുത്തുവാൻ അർഹത ഉള്ളതുമായ ജീവനക്കാരെ, തുടർന്നുള്ള വിവിധ കാലഘട്ടങ്ങളിൽ വാച്ചർ തസ്തിക സൂപ്പർന്യൂമററി സൃഷ്ടിച്ച് വകുപ്പിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br><br>വനം വകുപ്പിനു കീഴിൽ ഇരുപത് വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശകൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിശോധനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ